കുട്ടനാടിന്റെ വികസനത്തിന് പദ്ധതി

89 [406] *ശ്രീ. തോമസ് ചാഴികാടൻ:*

" *കെ. നാരായണക്കുറുപ്പ്:*

" *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പ്രദേശത്തിന്റെ സമഗ്രവികസനത്തിന് പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിടുന്നത്;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തുകയോ സഹായം അഭ്യർത്ഥിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം ഏതൊക്കെ പ്രദേശങ്ങൾക്കാണ് ലഭിക്കുക എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 200 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കുട്ടനാടിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ 'നബാർഡി' ന്റെ കൺസൾട്ടൻസി വിഭാഗമായ 'നാബ്കോൺസി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുട്ടനാടൻ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം മത്സ്യകൃഷി, വിനോദ സഞ്ചാരം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിവിധ മേഖലകളുടെ വികസനംകൂടി ഉൾപ്പെടുത്തി കുട്ടനാടിന്റെ സമഗ്രമായ വികസനമാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. 'നബാർഡി' ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ സംയോജനവും നടത്തിപ്പും കേരള ഭൂവികസന കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 36 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലുമായി വ്യാപിച്ചുകിടക്കുന്ന ഏകദേശം 33,000 ഹെക്ടർവരുന്ന ചെറുതും വലുതുമായ 849-ന് മേൽ പാടശേഖരങ്ങളുടെ വികസനം ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly